**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3207** **14-02-2024 - ൽ മറുപടിയ്ക്ക്**

**മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ വാർഷിക ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും സാംസ്കാരിക സ്ഥാപനത്തിന് 2016-നു മുമ്പ് അനുവദിച്ചിരുന്ന വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) ഈ സർക്കാരിന്റെ കാലത്ത് ബജറ്റിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതു സാംസ്കാരിക സ്ഥാപനത്തിനാണ് ഗ്രാന്റിൽ കുറവ് വരുത്തിയത് എന്ന് വിശദമാക്കുമോ; | (എ) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം തുടങ്ങിയ സ്ഥാപനങ്ങളുടെ വാർഷിക ഗ്രാന്റിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് 2013 -14 സാമ്പത്തിക വർഷം മുതൽ 2023- 24 വരെ വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) എത്രയാണ് ബജറ്റിൽ അനുവദിച്ചത് എന്നും ഓരോ വർഷവും എത്ര തുക നൽകി എന്നും വ്യക്തമാക്കുമോ; | (ബി) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് 2013-14 സാമ്പത്തിക വർഷം മുതൽ 2023-24 വരെ വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) അനുവദിച്ചത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിന് മാത്രമാണ് ഇങ്ങനെ വാർഷിക ഗ്രാന്റിൽ വെട്ടിക്കുറവ് സംഭവിച്ചിട്ടുള്ളത് എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് മാത്രമായി വാർഷിക ഗ്രാന്റ് വെട്ടിക്കുറച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിന് പഴയതുപോലെ വാർഷിക ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് 2023-24 വർഷം നോൺപ്ലാൻ ഇനത്തിൽ 50 ലക്ഷം രൂപയും 2024-25 വർഷം 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ബി) | സാമ്പത്തിക വർഷം | ബജറ്റിൽ അനുവദിച്ച തുക | ലഭിച്ച തുക |
|---|---|---|---|
| | 2013-14 | 50 ലക്ഷം | 50 ലക്ഷം |
| | 2014-15 | 50 ലക്ഷം | 50 ലക്ഷം |
| | 2015-16 | 55 ലക്ഷം | 50 ലക്ഷം |
| | 2016-17 | 60.5 ലക്ഷം | 60.5 ലക്ഷം |
| | 2017-18 | 66.55 ലക്ഷം | 66.55 ലക്ഷം |
| | 2018-19 | 69.87 ലക്ഷം | 46.58 ലക്ഷം |
| | 2019-20 | 69.87 ലക്ഷം | 46.58 ലക്ഷം |
| | 2020-21 | 1 കോടി | 52.4 ലക്ഷം |
| | 2021-22 | 25 ലക്ഷം | 25 ലക്ഷം |
| | 2022-23 | 25 ലക്ഷം | 18.75 ലക്ഷം |
| | 2023-24 | 50 ലക്ഷം | 32.75 ലക്ഷം |